പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1896

17.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ്

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2012 ആഗസ്റ്റ് 10 ന് കോഴിക്കോട് വച്ച് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ആരംഭിച്ചു. ഇതുവരെയായി 86,219 ബയോമെട്രിക് കാർഡ് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാർഡ് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്നും പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (ബി) | മത്സ്യത്തൊഴിലാളികൾക്ക് ഇന്ത്യൻ പൗരനാണെന്നും, തീരദേശ മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളിയാണെന്ന് സ്ഥാപിക്കുന്നതിനും സ്ഥിരതാമസ വിവരങ്ങൾ, വയസ്സ്, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായും തിരിച്ചറിയൽ രേഖ എന്ന നിലയിലും, രാജ്യത്തിന്റെ തീരത്ത് സുരക്ഷിതമായി മത്സ്യബന്ധനം നടത്തുന്നതിനും ബയോമെട്രിക് കാർഡ് പ്രയോജനപ്പെടുത്താവുന്നതാണ്. 100% കേന്ദ്ര സഹായത്തോടെയാണ് രാജ്യ സുരക്ഷ മുൻനിർത്തിയുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

Jayasree

സെക്ഷൻ ഓഫീസർ